ദേവികളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

146 (147) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ മുട്ടത്തുമണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി 2014 ഡിസംബർ മാസത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസം

147 (148) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4,000 രൂപ മുതൽ 15,000 രൂപ വരെ വായ്പയായി അനുവദിച്ച തുക പൂർണ്ണമായി എഴുതിതള്ളി വസ്തുവിന്റെ പ്രമാണം തിരികെ നൽകിയ വകയിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) മത്സ്യ ഫെഡിൽനിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിയ വകയിലുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും എഴുതിതള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെത്ര കോടി രൂപ ചെലവഴിച്ചുവെന്നും അതെന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപയും, മത്സ്യ ഫെഡ് വഴി NB CF DC, MMDFC വായ്പകൾക്കും മത്സ്യത്തൊഴിലാളികളുടെ തനത് ഫണ്ടിൽ നിന്നുള്ള വായ്പകളടക്കം

LIBRARY ARCHIVES Kerala Legislative Assembly